# VI. റൂളിംഗ്

മി. സ്പീക്കർ : പ്ലീസ് കേൾക്കു ............... ബഹളം .......... പ്ലീസ് ........ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനങ്ങൾ മുഖ്യമന്ത്രി തന്നെയാണ് പുറത്തും അകത്തുമെല്ലാം പറയേണ്ടത്. അതിൽ യാതൊരു അനൗചിത്യവുമില്ല. ചട്ടവിരുദ്ധമായിട്ട് യാതൊരു കാര്യവുമില്ല. തീരുമാനങ്ങൾ ഔദ്യോഗികമായി മുഖ്യമന്ത്രി സഭ സമ്മേളിക്കുന്ന കാലമായതുകൊണ്ട് ഇവിടെ പറഞ്ഞുവെന്നേയുള്ളൂ. .......... ബഹളം .......... അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. കെ.എം. മാണി : Matter of public importance .................... ഈ പറയുന്ന കാര്യങ്ങളൊക്കെ നടപ്പിലാക്കണമെങ്കിൽ നിയമ ഭേദഗതി ഒരു ബില്ലായിട്ട് ഇവിടെ വരേണ്ടതാണ്. ഭാവിയിൽ അവതരിപ്പിക്കുന്ന ................

മി. സ്പീക്കർ : അത് വേറെ വിഷയം ................. ബഹളം .............

ശ്രീ. കെ.എം. മാണി : റൂൾ 300 അനുസരിച്ച് ഇക്കാര്യങ്ങൾ ഇവിടെ പറയുന്നത് ഓർഡറിലാണോ? ഓർഡറിലല്ല.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ ബേസസിൽ റൂൾസ് കമ്മിറ്റി ഇത് അംഗീകരിച്ചതിനുശേഷം ആ റിപ്പോർട്ട് ക്യാബിനറ്റിൽ ചർച്ച ചെയ്തു അംഗീകരിച്ചതാണ്. ഈ ബില്ലാണിന്ന് ഇവിടെ ചർച്ച ചെയ്യാൻ പോകുന്നത്. അതിൽ തീർച്ചയായിട്ടും പല ഭാഗങ്ങളുണ്ടാകും, ഇത് ചർച്ച ചെയ്യാൻ സഹായകവുമായിരിക്കും.

മി. സ്പീക്കർ : ശ്രീ. കെ.സി. ജോസഫ് ഉന്നയിച്ച ക്രമപ്രശ്നം റൂൾ 300 അനുസരിച്ച് ഇവിടെ നടത്തിയ പ്രസ്താവന സംബന്ധിച്ചാണ്. മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയിൽ ചട്ടവിരുദ്ധമായി ഒന്നുമില്ല.

# VII. സബ്മിഷൻ

## (1) ക്രൈസ്തവ ദേവാലയങ്ങളെ ആരാധനാലയങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കാനുള്ള ഡൽഹി ഗവൺമെന്റിന്റെ നീക്കം

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, രണ്ടായിരം വർഷങ്ങളുടെ ചരിത്രവും പാരമ്പര്യവുമുള്ള കേരള ക്രൈസ്തവ സഭയ്ക്കും കേരളത്തിന് പൊതുവെയും അതീവമായ ഉൽകണ്ഠ ഉളവാക്കിയിരിക്കുന്ന വിഷയത്തിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ക്രൈസ്തവ ദേവാലയങ്ങളെ ആരാധനാലയങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കാൻ ഡൽഹിയിലെ ബി.ജെ.പി. ഭരണകൂടം തീരുമാനിച്ചതായി വാർത്തയുണ്ടായിരുന്നു. അത് ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അത് പിന്നീട് പ്രധാനമന്ത്രി നിഷേധിച്ചിട്ടുണ്ട്. ആ തീരുമാനത്തിൽ നിന്നും അവർ പുറകോട്ടുപോകുന്നുവെന്ന സൂചനയുണ്ടെങ്കിൽപ്പോലും ആ നിഷേധം മുഖവിലയ്ക്കെടുക്കാൻ മതേതരവാദികളായ ജനാധിപത്യ വിശ്വാസികൾക്ക് കഴിയുന്നില്ല. യേശുക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ ദുഃഖസാന്ദ്രവും ഭക്തി

LIBRARY ARCHIVES Kerala Legislative Assembly